(ഡി) സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള കൈത്തറി നെയ്ത്തുകാരെത്ര;

(ഇ) സ്വകാര്യ സ്ഥാപനങ്ങളിൽ പണിചെയ്യുന്ന കൈത്തറി നെയ്ത്തു കാരെത്രയുണ്ട്;

(എഫ്) സംസ്ഥാനത്ത് കൈത്തറി തുണി ഉണ്ടാക്കുന്ന തറികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എത്ര തറികളുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർവ്വേ നടത്തിവരുന്നു.

(ബി) കൈത്തറി മേഖലയിലെ വിവിധ തരത്തിലുള്ള വികസന പ്രവർത്ത നങ്ങൾമൂലം കൈത്തറി തൊഴിലാളികൾക്ക് ലഭ്യമായ സാമൂഹികവും സാമ്പത്തിക വുമായ അഭിവൃദ്ധി മനസ്സിലാക്കുക, കൈത്തറി മേഖലയിൽ പണിയെടുക്കാത്ത നെയ്ത്തുകാരുടെ എണ്ണം, തറികളുടെ എണ്ണം, തറികളുടെ ഇനം, തറികളുടെ ഉടമസ്ഥത, ഉൽപ്പാദനം, നൂലിന്റെ ഉപയോഗം, റിബേറ്റ് വിൽപ്പന, നോൺറിബേറ്റ് വിൽപ്പന, കയറ്റുമതി വിൽപ്പന, കൂലി മുതലായവയെക്കുറിച്ചുള്ള പഠനം, ഓരോ സംഘത്തിനും വിവിധ പദ്ധതിയിലൂടെ ലഭിച്ച സാമ്പത്തിക സഹായം, നെയ്ത്തു തൊഴിലാളികൾ കൈത്തറി മേഖല വിട്ട് മറ്റു മേഖലകളിൽ പോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം, തൊഴിൽ രഹിതരെ ഈ മേഖലകളിൽ കൊണ്ടുവരുവാനുള്ള സാദ്ധ്യത എന്നിവ വിലയിരുത്തുക, നബാർഡ്, ജില്ലാ സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽനിന്നും പ്രവർത്തനമൂലധനത്തിനുള്ള ഫണ്ടിന്റെ ലഭ്യതയെക്കു റിച്ചും ഹാന്റക്സ്, ഹാൻവീവ് എന്നിവിടങ്ങളിൽ സർക്കാർ ഫണ്ടുകൾ കെട്ടിക്കിട ക്കുന്നതുമൂലം പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും പഠനം നടത്തുക എന്നിവയാണ് കൈത്തറി സർവ്വേയ്ക്ക് വിധേയമാക്കുന്നത്.

(സി—ഇ) കേരളത്തിൽ കൈത്തറി നെയ്ത്തു വ്യവസായവുമായി ബന്ധപ്പെട്ട് പ്രത്യക്ഷവും പരോക്ഷവുമായി 175,000 തൊഴിലാളികൾ പണിയെടുക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 30,000 തൊഴിലാളികൾ സ്വകാര്യമേഖലയിലും ഒറ്റത്തറിക്കാരുമാണ്.

(എഫ്—ജി) ഉണ്ട്. സംസ്ഥാനത്ത് ഉദ്ദേശം 57,910 തറികൾ ഉള്ളതായി കണ ക്കാക്കിയിട്ടുണ്ട്.

കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ വികസനത്തിന് നടപടി

33 [2160] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്പിന്നിംഗ് മില്ലിന്റെ വികസനത്തിന് സർക്കാർ സ്വീകരിച്ചി ട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിലാളികൾക്ക് പൂർണ്ണമായ ജോലിയും ശമ്പളവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലാളി പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളുമായി നടത്തിയ ചർച്ചയെത്തുടർന്ന് ഏതെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) 24-11-2003-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 126 ലക്ഷം രൂപയിൽ എത്ര തുക ഇതിനകം സ്പിന്നിംഗ് മില്ലിന് നൽകി;

(ഇ) ബാക്കിതുക നൽകാതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(എഫ്) പ്രസ്തുത തുക ടെക്സ്ഫെഡിന്റെ കൈവശമുണ്ടോ;

(ജി) എങ്കിൽ ഈ തുക എത്രയും വേഗം നൽകാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) വിവിധ ഇനങ്ങളിലായി നിലവിലുള്ള കുടിശ്ശിക കൊടുത്തു തീർക്കാനും സ്പിന്നിംഗ് മിൽ പൂർണ്ണമായി തുറന്ന് പ്രവർത്തിക്കാനും 459 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്പിന്നിംഗ് മിൽ പ്രതിനിധികൾ സർക്കാരിന് നൽകിയ നിവേദനത്തിൻമേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിനെ ടെക്സ്ഫെഡിന്റെ അധീനതയിൽ കൊണ്ടുവന്ന് പുനരുദ്ധരിക്കാനും അതനുസരിച്ച് ഈ സ്ഥാപനത്തിലെ സർക്കാർ ഇക്വിറ്റി ടെക്സ് ഫെഡിന് കൈമാറാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ശ്രമിച്ചിട്ടുണ്ട്. 5-11-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 1167/03/വ്യവ. പ്രകാരം 50 ലക്ഷം രൂപയും 30-4-2003 ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 454/03/വ്യവ. പ്രകാരം 1.15 കോടി രൂപയും, 5-2-2004 ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 133/04/വ്യവ. പ്രകാരം 10 ലക്ഷം രൂപയും വർക്കിംഗ് ക്യാപ്പിറ്റൽ ആയി മില്ലിന് നൽകിയിട്ടുണ്ട്. 24-11-2003 ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 1216/03/വ്യവ. പ്രകാരം അനുവദിച്ച 126 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്.

(സി) മിൽ ലാഭത്തിൽ പ്രവർത്തിക്കേണ്ടതിന്റെ ഭാഗമായി വേണ്ടുന്ന എല്ലാവിധ നടപടികളും സ്വീകരിച്ചുകഴിഞ്ഞു.

(ഡി) 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ഇ—ജി) ബാക്കി തുക നൽകുന്ന കാര്യം പരിഗണനയിലാണ്.

(എച്ച്) 14-5-2004-ലെ ജി. ഒ. (ആർ. റ്റി.) നമ്പർ 464/04/വ്യവ. സർക്കാർ ഉത്തരവ് പകാരം റിലീസ് ചെയ്ത തുകയിൽനിന്നും കുടിശ്ശിക തീർക്കുന്നതിനായി മില്ലിന് 125 ലക്ഷം രൂപ നൽകി. ബാക്കി 76 ലക്ഷം രൂപ അനുവദിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly